# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2052 12.02.2013 - ൽ മറുപടിക്ക്**


## മാർക്കിംഗ് ബോയ്കൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. കെ.ശിവദാസൻ നായർ :<br>ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. പാലോട് രവി : | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തുറമുഖങ്ങളിലും കായലുകളിലും മാർക്കിംഗ് ബോയ്കൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിലും, വേമ്പനാട് കായലിലും ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിക്കുന്നുണ്ട്. കൊല്ലത്തും, ബേപ്പൂരും ഒമ്പതു വീതവും അഴീക്കലിൽ പതിനേഴും, വേമ്പനാട് കായലിൽ മുപ്പതും ബോയകളാണ് സ്ഥാപിക്കുന്നത്. ടെണ്ടർ നടപടി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട, മുംബൈ ആസ്ഥാനമായ എയ്റോ മറൈൻ എന്ന സ്ഥാപനത്തിന് ഇവ വിതരണം ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനുമുള്ള ഓർഡർ 30.01.2013-ൽ നൽകികഴിഞ്ഞു. |
| (ബി) | മാർക്കിംഗ് ബോയ്കൾ സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് എന്ന് വിശദീകരിക്കാമോ; | (ബി) | ജലവാഹനങ്ങൾക്ക് ചാനലിലേയും ബേസിനിലേയും ആഴമുള്ള ഭാഗം മനസിലാക്കിക്കൊടുക്കാനാണ് മാർക്കിംഗ് ബോയകൾ ഉപയോഗിക്കുന്നത്. ഇവ സ്ഥാപിക്കുന്നതുമൂലം, |

വെള്ളത്തിനടിയിൽ സ്ഥിതി ചെയ്യുന്ന ആഴം കുറഞ്ഞ ഭാഗങ്ങൾ പാറക്കെട്ടുകൾ തുടങ്ങിയവയിലിടിച്ച് ജലവാഹനങ്ങൾക്ക് അപകടങ്ങൾ സംഭവിക്കുന്ന അവസ്ഥ ഒഴിവാക്കാനാകും.

(സി) ഇതിനായി എന്ത് തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ?

(സി) ചാനൽ മാർക്കിംഗ് ബോയകൾ വാങ്ങുന്നതിന് അനുവദിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കൊല്ലം : 55,91,000/- രൂപ (9 എണ്ണത്തിന്)
ബേപ്പൂർ: 59,91,000/- രൂപ ( 9 എണ്ണത്തിന്)
അഴീക്കൽ : 95,83,000/- രൂപ ( 17 എണ്ണത്തിന് )
വേമ്പനാട്: 54,00,000/- രൂപ ( 30 എണ്ണത്തിന്)

സെക്ഷൻ ഓഫീസർ